I/5716604/2023

അടിയന്തരം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ആഭ്യന്തര(ബി) വകുപ്പ്

നമ്പർ.ബി1/350/2022/ആഭ്യന്തരം

10-05-2023,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

1) രജിസ്ട്രാർ , കേരള ഹൈക്കോടതി, എറണാകുളം

2) ഡയറക്ടർ ജനറൽ,
പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,
തിരുവനന്തപുരം

സർ,

വിഷയം:- ആഭ്യന്തരം- ജയിലുകൾ -ജയിലുകളിൽ FASTER സംവിധാനം നടപ്പിലാക്കുന്നത് ജയിൽ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 2.05.2023 ലെ എസ്.ആർ.ഒ. നം. 533/2023

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു(പകർപ്പ് ഉള്ളടക്കം ).2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 452 ൽ FASTER സംവിധാനം ഉൾപ്പെടുത്തി ഭേദഗതി ചെയ്തുകൊണ്ടുള്ള എസ്.ആർ.ഒ. നം. 533/2023 നോട്ടിഫിക്കേഷൻ ഗസറ്റ് നം.1487 തിയതി:02.05.2023 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുന്നു.

എസ്.ആർ.ഒ. നം. 533/2023 ജയിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
RAJENDRAN CHETTIYAR K
ഡെപ്യൂട്ടിസെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Jijimon.r
Date: 10-05-2023 11:34:20

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2023 മേയ് 02<br>02nd May 2023<br>**1198 മേടം 18**<br>18th Medam 1198<br>**1945 വൈശാഖം 12**<br>12th Vaisakha 1945 | നമ്പർ<br>No. | **1487** |

**കേരള സർക്കാർ**

**ആഭ്യന്തര(ബി)വകുപ്പ്**

**വിജ്ഞാപനം**

സ.ഉ(അച്ചടി)നം.38/2023/ആഭ്യന്തരം തിരുവനന്തപുരം, 2023 ഏപ്രിൽ 25

**എസ്. ആർ. ഒ. നമ്പർ 533/2023**

-2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റിന്റെ (2010 ലെ 9-ാം ആക്റ്റ്) 99-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, കേരള സർക്കാർ, 2014 മേയ് 6-ാം തീയതിയിലെ സ.ഉ.(പി) നം.89/2014/ ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചതും 2014 മേയ് 23-ാം തീയതിയിലെ 1316-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നം. 310/2014 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 2014 - ലെ കേരള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു. അതായത് :-

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2023-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.- 2014 - ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 452-ാം ചട്ടത്തിന് പകരം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:-

"452. **ഇലക്ട്രോണിക് മാധ്യമത്തിലൂടെ ലഭിക്കുന്ന വിടുതൽ ഉത്തരവുകളുടെ നടപ്പാക്കൽ സംബന്ധിച്ച്**.- തടവുകാരനെ വിടുതൽ ചെയ്യാൻ നിർദ്ദേശിച്ചുകൊണ്ട് കോടതികളുടെ അംഗീകൃത ഇ-മെയിൽ മുഖാന്തിരം ലഭിക്കുന്ന ഉത്തരവുകൾ സൂപ്രണ്ടുമാർ താമസംവിനാ നടപ്പിൽ വരുത്തേണ്ടതാണ്. അല്ലാതെ ലഭിക്കുന്ന ഫാക്സ് സന്ദേശം അല്ലെങ്കിൽ ഇ-മെയിൽ അഥവാ മറ്റേതെങ്കിലും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള സന്ദേശങ്ങളിൽ ആയതിന്റെ ആധികാരികത ഉറപ്പ് വരുത്തി മാത്രം സൂപ്രണ്ടുമാർ നടപടി സ്വീകരിക്കേണ്ടതാണ്. "

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. വി. വേണു**

**ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി**

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാകുന്നു.)

ബഹു. സുപ്രീം കോടതി സ്വമേധയാ സ്വീകരിച്ച SMW(C) No.4/2021-ാം നമ്പർ ഹർജിയിലെ 16/07/2021 -ലെ റെക്കോർഡ് ഓഫ് പ്രൊസീഡിംഗ്സ് പ്രകാരം ജാമ്യം ലഭിച്ചതിനു ശേഷവും തടവുകാരെ ജയിൽ മോചിതരാക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ബഹു.കോടതി നിരീക്ഷിക്കുകയും വിധിന്യായങ്ങൾ/അന്തിമ ഉത്തരവുകൾ/ ഇടക്കാല ഉത്തരവുകൾ എന്നിവ നടപ്പിലാക്കുന്നതിനായി അവയുടെ ഇലക്ട്രോണിക്കലായി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ബന്ധപ്പെട്ട കോടതികൾക്കും ട്രൈബ്യൂണലുകൾക്കും മറ്റ് ചുമതലപ്പെട്ടവർക്കും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലഭ്യമാക്കുന്നതിനായി ഫാസ്റ്റർ (ഫാസ്റ്റ് ആന്റ് സെക്യേർഡ് ട്രാൻസ്മിഷൻ ഓഫ് ഇലക്ട്രോണിക് റെക്കോർഡ്സ്) സംവിധാനം നടപ്പിൽ വരുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ ഭേദഗതി ചെയ്ത് അതിനനുസൃതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/